# Index

Vicar's Message…………………………………… 2
Message from Secretary .................................... 4
Article ............................................................ 5
Announcements......…………………………...……… 7
Bible Quiz ........................................................ 9
Bible Crossword …......................................…… 10
Article ............................................................ 13
Article ............................................................ 14
Achen's Memorable Moments ............................ 18
Events Photos......………………………………..…… 19

# Vicar's Message



**"നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നല്കുന്ന ദൈവത്തിന്നു സ്തോത്രം."(1കൊരിന്ത്യർ15:57).**

എം.ടി.വാസുദേവൻ നായരുടെ 'അസുരവിത്ത്' എന്ന നോവലിൽ, കേന്ദ്രകഥാപാത്രമായ ഗോവിന്ദൻപിള്ളയെ കുറിച്ച് ആവർത്തിച്ചു പറയുന്ന ഒരു കാര്യം "ആറാം തമ്പത്തില് (കാലം തെറ്റിയകാലത്ത്) അമ്മയ്ക്കുണ്ടായ മോൻ" എന്നാണ്. കാലംതെറ്റി ഒരു മകൻ ഉണ്ടായതാണ് ആ കുടുംബത്തിലെ അനർത്ഥങ്ങൾക്കെല്ലാം കാരണം എന്ന് അവർ വിശ്വസിച്ചുപോന്നു. ഈ മകനാണ് 'അസുരവിത്ത്'. സ്വയം അസ്വസ്ഥത പേറിയും മറ്റുള്ളവർക്കെല്ലാം അസ്വസ്ഥത സമ്മാനിച്ചും ജീവിക്കുന്ന അസുരവിത്തിനുപോലും അറിയില്ല എങ്ങനെയാണ്, എന്തുകൊണ്ടാണ് താനിങ്ങനെയൊക്കെ ആയിപ്പോയത് എന്ന്. ആരാലോ, എന്തിനാലൊ ഒക്കെ നിയന്ത്രിക്കപ്പെട്ട് അസുരവിത്തായി അവൻ ജീവിക്കുന്നു.

'അസുരവിത്ത്' എന്ന പ്രയോഗത്തിന് ഇന്നത്തെ സമൂഹത്തിലും ഏറെ അർത്ഥമുള്ളതായി തോന്നുന്നു. പലരും അസുരവിത്തുപോലെ ലക്ഷ്യമില്ലാതെ നിരാശ നിറഞ്ഞ മുഖവും മനസ്സുമായി, വീടിനും നാടിനും ഭാരമായി ജീവിക്കുകയാണ്. തൊടുന്നതിലൊക്കെ പരാജയം, എന്തിനാണി പാഴ്ജന്മം എന്ന ചോദ്യത്തിനുപോലും ഉത്തരമില്ലാത്ത അവസ്ഥ. മറ്റുള്ളവർക്ക് താനൊരു ശല്യമാണെന്ന തോന്നൽ.... സമൂഹത്തിൽ ചിലരെങ്കിലും ഇങ്ങനെയൊക്കെയല്ലേ? ഒന്നുകിൽ സ്വയം അസുരവിത്തുപോലെ ആയിത്തീരുന്നു, അല്ലെങ്കിൽ മറ്റുള്ളവർ അങ്ങനെ ആക്കിതീർക്കുന്നു.

ഇങ്ങനെയുള്ള മനസ്സുകളിലേയ്ക്കാണ് 'മായൽത്തൊ' പെരുന്നാൾ ദിശാബോധം നല്കികൊണ്ടും പ്രത്യാശ പകർന്നുകൊണ്ടും കടന്നു വരുന്നത്. ദൈവപുത്രനായ യേശുവിൻെറ ദൈവാലയ പ്രവേശനവും സമർപ്പണവും പരിച്ഛേദനയും നാമകരണവുമാണ് മായൽത്തൊ പെരുന്നാളിൻെറ പ്രമേയങ്ങൾ.

ഇസ്രായേലിൻെറ ആദ്യജാതന്മാരെയെല്ലാം ദൈവത്തിനായി സമർപ്പിക്കണമെന്ന് കല്പനയുണ്ട്. ഈജിപ്റ്റിലെ ആദ്യജാതന്മാരെ സംഹരിച്ച്, ഇസ്രായേൽ മക്കളെ രക്ഷിച്ചതിൻെറ അനുസ്മരണവും കൃതജ്ഞതയുമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. പ്രസവാനന്തരം ദഹന ബലിയും പാപ പരിഹാരബലിയും അർപ്പിക്കണമെന്നും നിയമമുണ്ട്. ഈ നിയമങ്ങൾ നിറവേറ്റുന്നതിനാണ് തിരുകുടുംബം യെരുശലേം ദൈവാലയത്തിലേക്ക് പോയത്.ആൺ കുട്ടികളെ 8-ാം ദിവസം പരിച്ഛേദനയും പന്നെ 33 ദിവസങ്ങൾക്കുശേഷം ദൈവാലയത്തിൽ സമർപ്പണവും നടത്തണമെന്നാണ് കല്പന(ലേവ്യ12:1-8). പരിച്ഛേദനം ഒരു വേർപെടുത്തലാണ്. പഴയ മനുഷ്യനെ ഉരിഞ്ഞു കളയുന്നതിൻെറ പ്രതീകമാണിത്, വിശ്വാസ നീതിയുടെ മുദ്രയും. വിശ്വാസി വിശേഷപ്പെട്ട സ്വഭാവത്തിൻെറ വക്താവാകണം. അന്തസ്സും മാന്യതയും മഹത്വവുമുള്ള വ്യക്തിയെയാണ് യഥാർത്ഥ ഭക്തിയും വിശ്വാസവും സൃഷ്ടിക്കുക.

യഹൂദരുടെ ജീവിതം, ദേവാലയവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നതായിരുന്നു. ഒരു കുഞ്ഞിൻെറ ജനനം മുതൽ മരണംവരെ അവനെ ദൈവത്തിൻെറ സ്വന്തമായി തീർക്കുന്ന ഒരു പ്രതിഭാസമാണ് യഹൂദ മതാചരങ്ങളിൽ നാം കാണുന്നത്. കുഞ്ഞുങ്ങൾക്ക് ജന്മം നല്കുന്നതും അവരെ വിശുദ്ധീകരിച്ച് ലോകത്തിനു നല്കുന്നതും ദൈവമാണ്. പേരിൽ എന്തിരിക്കുന്നു എന്നുപോലും ആരും പറയാതവണ്ണം ആദിമാതാപിതാക്കൾക്ക് പേര് നല്കിയതും ദൈവം തന്നെയാണ്.അബ്രാഹാമിനും

സാറായ്ക്കും ഇസ്രായേലിനും നാമകരണം ചെയ്തതും ദൈവം തന്നെ. ഇവരൊക്കെ ദൈവത്തിന് സമർപ്പിതരും ദൈവസന്നിധിയിൽ വലിയവരും, മറ്റുള്ളവക്ക് വലിയ അനുഗ്രഹവുമായിരുന്നു.കർത്താവായ യേശുമിശിഹായ്ക്കും രക്ഷാകരമായ നാമം നല്കുന്നത് ദൈവം തന്നെയെന്ന് തിരുവചനം സാക്ഷിക്കുന്നു(St.Mt 1:21). യേശുവിൻെറ ബാല്യത്തെകുറിച്ച് തിരുവചനം രേഖപ്പെടുത്തുന്നത് "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിൻെറയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു" എന്നാണ്. 'അസുരവിത്ത്' എന്ന അവസ്ഥയിൽനിന്നും "കൃപയുള്ള മക്കൾ" എന്ന സ്ഥാനത്തേക്ക് ഉയരേണ്ടവരാണ് നാം.അതിന് പരിശുദ്ധാത്മാവുള്ള മനുഷ്യരാകണം, ദൈവത്തിന് സമർപ്പിക്കണം, ദൈവവുമായി വ്യക്തിപരമായ ഉടമ്പടിയിൽ ഏർപ്പെടണം. പുതിയ നാമം നല്കിയതിലൂടെ ദൈവം അബ്രാഹാമിനും സാറായ്ക്കും യിസ്രായേലിനുമെല്ലാം പുതിയ വ്യക്തിത്വം നല്കികൊണ്ട് അവരുമായി പുതിയ ഉടമ്പടി സ്ഥാപിക്കുകയായിരുന്നു.

വി.മാമോദീസായിലൂടെ പരിശുദ്ധാത്മാവ് നമ്മിൽ വാസമാക്കിയിട്ടുണ്ട്. നാം ദൈവവുമായി പുതിയ ഉടമ്പടിയിലേർപ്പെടുകയും, ദൈവത്തിന് നമ്മെതന്നെ സമർപ്പിക്കുകയും ചെയ്തവരാണ്. അന്നു നാം സ്വീകരിച്ച പരിശുദ്ധാത്മാവ് ഇന്ന് നമ്മിലുണ്ടോ? അതോ ആത്മാവ് നമ്മിൽനിന്നും ചിറകടിച്ചു പറന്നുപോയോ? ഇവൻ എൻെറ പ്രിയ പുത്രനല്ല, ഇവനിൽ ഞാൻ സംപ്രീതനമല്ല എന്നു പറഞ്ഞുകൊണ്ട് ആത്മാവ് നമ്മിലെ വാസം മതിയാക്കി പറന്നുയർന്നു പോകുവാൻ നമ്മുടെ പാപജീവിതം ഇടയാക്കിയിട്ടുണ്ടോ?

ദൈവാത്മാവിനോട് ആലോചന ചോദിക്കാതെയും, ആത്മാവിനാൽ നയിക്കപ്പെടാതെയുമുള്ള ജീവിതങ്ങളൊക്കെ അസുരവിത്തിൻേറതിനു സമാനമാകും. എന്നാൽ ആത്മാവിനാൽ നയിക്കപ്പെടുന്നരൊക്കെ അനുഗ്രഹീതരായിത്തീരും."നിൻെറ ദൈവമായ യഹോവയുടെ കല്പനകൾ കേട്ടു പ്രമാണിച്ചു നടന്നാൽ യഹോവ നിന്നെ വാലല്ല,തല ആക്കും;നീ ഉയർച്ച തന്നെ പ്രാപിക്കും,താഴ്ച പ്രാപിക്കുകയില്ല"(ആവർത്തന പുസ്തകം28:13). നമ്മിൽ എഴുന്നെള്ളിവന്നു വസിക്കുന്ന ദൈവാത്മാവ് നഷ്ടപ്പെടാതിരിക്കണമെങ്കിൽ മൂന്നു കാര്യങ്ങളെങ്കിലും നാം പാലിക്കേണ്ടതുണ്ട് 1.ദൈവഭക്തരായിരിക്കുക 2.നീതിമാന്മാരായിരിക്കുക. 3.കൂടെപ്പിറപ്പുകളുടെ നന്മയും സന്തോഷവും ആഗ്രഹിക്കുന്നവരായിരിക്കുക. അപ്പോൾ നമ്മുടെയൊക്കെ ജീവിതങ്ങൾ മറ്റുള്ളവക്കും അനുഗ്രഹത്തിന്നായിത്തീരും. നമ്മുടെ തെരഞ്ഞെടുപ്പിനേയും തീരുമാനങ്ങളേയും ആശ്രയിച്ചാണ് അസുരവിത്തിൽനിന്നും ആത്മീയവിത്തിലേക്കുള്ള മാറ്റം എന്നറിയുക. മികച്ചതിനെ, നല്ല അംശത്തെതന്നെ തെരഞ്ഞെടുക്കുവാൻ, കർത്താവിൻെറ കല്പനകളെ പ്രമാണിച്ചു നടക്കുവാൻ, അങ്ങനെ കൃപയുള്ള ജീവിതത്തിൻെറ ഉടമകളായി ജീവിക്കുവാൻ, മായൽത്തൊ പെരുന്നാളിൻേറയും തുടർന്നുവരുന്ന മൂന്നു നോമ്പിൻേറയും പുണ്യ ദിനങ്ങളിൽ ദൈവത്തിൻെറ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ!

2014 ഫെബ്രുവരി 15–ാം തിയതിയോടെ ഈ അനുഗ്രഹീത ഇടവകയിൽ എൻെറ അജപാലനദൗത്യം പൂർണ്ണമാവുകയാണ്. കഴിഞ്ഞ രണ്ടു വർഷക്കാലം നിങ്ങൾ നല്കിയ സ്നേഹത്തിനും കരുതലിനും പ്രാർത്ഥനക്കും എല്ലാമെല്ലാം നന്ദി. തുടർന്നും പ്രാർത്ഥനയിൽ ഓർക്കുമല്ലോ. നന്ദി നിറഞ്ഞ ഹൃദയത്തോടും പൂർണ്ണ സന്തോഷത്തോടുംകൂടെ എല്ലാവരോടും യാത്രാമൊഴി ചൊല്ലുന്നു. ദൈവം അനുഗ്രഹിക്കട്ടെ. എണ്ണിയാൽ തീരാത്ത നന്മകൾക്കായി ദൈവത്തെ സ്തുതിച്ചുകൊണ്ട്.

ക്രിസ്തുയേശുവിൽ

നിങ്ങളുടെ ബെന്നിയച്ചൻ.

# *Message from Secretary*



Dear Fellow Members in Christ,

On behalf of the 2014 Managing Committee, I wish you and your near & dear ones A VERY HAPPY AND BLESSED NEW YEAR 2014. May our Lord extend His right hand and bless you all to make your lives happy and content.

A new Managing Committee has just assumed the responsibility to serve this House of God for another year. The process of selection of this year's Managing Committee through reconciliation has opened up a new era of possibilities in our Church. A new kind of co-operation based on Christian Brotherhood has finally emerged here. The pivotal roles played by our Patriarchal Vicar HG Mathews Mor Anthimos Metropolitan and our Vicar Rev. Fr. Benny Abraham in this selection process are indeed commendable and praiseworthy.

In a congregation as diverse as ours, we must be concerned only with matters related to our way of faith and worship which bind us all together. We have no time to rest, and no time to argue on trivial matters. Please do not harbour any ill-will towards your fellow members based on their place/date of birth. In God's eyes, all are equal. Keeping in view of future development and progress of our Church, I appeal to each member to keep the spirit of co-operation and brotherhood burning in your heart for a very long time to come.

Let us all join hands in prayers to work for and achieve our long-cherished dream of having our own Church built in Bahrain. If we stand united, God will surely answer our prayers and make our dream come true.

I would like to conclude this message by drawing your attention to following golden verse written by St. Paul in 1 Corinthians 1:10: "Now I beseech you, brethren, by the name of our Lord Jesus Christ, that ye all speak the same thing, and that there be no divisions among you; but that ye be perfectly joined together in the same mind and in the same judgment".

With prayers,

K.M. Kurien
Hon.Secretary

*Article*

**Merlin Alex**



# സഭയും സമൂഹവും

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്.ഈ ലോകത്തിൽ ജീവിക്കുന്ന മനുഷ്യന് ഇതരമനുഷ്യരുമായി നിരന്തരം ഇടപെടേണ്ടിവരുന്നു . പരസ്പരസ്നേഹം , വിശ്വാസം, പരസ്പരസഹായം, സഹിഷ്ണുത ,സത്യസന്ധത തുടങ്ങിയ സത്ഗുണങ്ങളാൽ ഉള്ളവനും ഇല്ലാത്തവനും ,പണ്ഡിതനും പാമരനും , ശക്തനും അശക്തനും,ഈശ്വരഭക്തനും നിരീശ്വരനും വിവിധവിശ്വാസങ്ങൾ വെച്ചുപുലർത്തുന്നവനും വിവിധതൊഴിലിൽ എർപെട്ടുജീവിക്കുന്ന എല്ലാവർക്കും ജീവിതം ധന്യവും സന്തോഷപ്രഥവുമാക്കാൻ സാധിക്കുന്നു. നേരെമറിച്ച് മനുഷ്യൻ സ്വാർത്ഥമോഹിയായി "അഹം" എന്ന ചിന്തയിൽ "എല്ലാം എന്റേത്, എന്റേത് മാത്രം" എന്ന് വ്യാമോഹിച്ചു അനീതിയും ധ്യാർഷ്ട്യവും , കൊള്ളയും കൊള്ളിവെയ്പ്പും, പകയും വെച്ച്പുലർത്തുമ്പോൾ മനുഷ്യജീവിതം നരകതുല്യമാവുന്നുതാനും. ആ നരകത്തിൽ ചുട്ടുപൊള്ളുന്ന തീക്കടലിൽ മനോദുഖങ്ങളുടെ കാണാക്കയത്തിൽ അനേകം ബന്ധനങ്ങൾക്കുള്ളിൽ അകപ്പെടുന്നത് അവനറിയുന്നില്ല. ഈ സാഹചര്യത്തിലാണ് സഭയുടെ പ്രാധാന്യം നാം മനസിലാക്കേണ്ടത്.

1 പത്രോസ് രണ്ടാം അധ്യായത്തിൽ "നിങ്ങളോ അന്ധകാരത്തിൽനിന്നും തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാൻതക്കവണ്ണം തിരഞ്ഞെടുക്കപെട്ട ഒരുജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു". കേവലം സൃഷ്ടിമാത്രമായ മനുഷ്യൻ തനിക്കുള്ളതൊക്കെയും തന്റെതല്ലെന്നും സൃഷ്ടാവിന്റെ ദാനമാണെന്നും ഉള്ള സത്യം മറന്ന്, സൃഷ്ടാവിനെ മറന്ന് , സത്യത്തെ മറന്ന്, സ്വന്തവും ബന്ധവും മറന്ന് " ഞാൻ തിന്നും, ഞാൻ കുടിക്കും, ഞാൻ ആനന്ദിക്കും" എന്നിങ്ങനെ സമൂഹത്തെ വെല്ലുവിളിച്ചു കൊണ്ട് ജീവിക്കുന്ന അനേകരെ നമുക്ക്ചുറ്റും കാണുവാൻ സാധിക്കും. ഇവിടെയാണ്, ഈ സമൂഹത്തിലാണ് ലോകഗുരുവായ യേശുനാഥൻ തന്റെ ദൈവരാജ്യം സ്ഥാപിച്ചത്. മത്തായി 16:18 " നീ പത്രോസാകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല." ഈ സത്യസഭയിലത്രെ ഞാനും നിങ്ങളും വിശ്വസിക്കുന്നത്. ഈ ദൈവരാജ്യത്തിലത്രേ ഞാനും നിങ്ങളും അധിവസിക്കുന്നത്. ആ വലിയ പ്രകാശത്തിന്റെ പരസ്യപ്രചാരരത്രെ ഞാനും നിങ്ങളും. അപ്രകാരമുള്ള നമുക്ക് എങ്ങിനെ ഇരുളിന്റെ കൂട്ടാളികളായി കഴിയുവാൻ സാധിക്കും? "നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക" എന്ന ദിവ്യസന്ദേശം ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിൽ വിഹരിക്കുന്ന ഓരോ വിശ്വാസിയും , അവൻ ആണോ പെണ്ണോ ആകട്ടെ, കൃഷിക്കാരനോ കച്ചവടക്കാരനോ ആകട്ടെ , ധനവാനോ ദരിദ്രനോ ആകട്ടെ സ്വന്തം കർത്തവ്യം തിരിച്ചറിയണം. നിങ്ങളുടെ ജീവിതമാണ് നിങ്ങളുടെ സന്ദേശം.

ആധുനീകയുഗത്തിൽ ഭൗതീകവും ആത്മീകവും തമ്മിലുള്ള ബന്ധം ശരിയായി മനസിലാക്കുന്നില്ല. ഭൗതീകവും ആത്മീകവും ,ശരീരവും ആത്മാവും തമ്മിലുള്ള ബന്ധം വ്യാഖ്യാനിച്ചു കൊടുക്കേണ്ട ചുമതല സഭയ്ക്കുള്ളതാണ്. ഇപ്രകാരം സാമൂഹ്യ ജീവിയായ മനുഷ്യൻ സഭയുമായി ബന്ധപ്പെടുമ്പോൾ അവനിൽ നിക്ഷിപ്തമായിരിക്കുന്ന 5 കർത്തവ്യങ്ങളുണ്ട്.

**1. സുവിശേഷം ഘോഷിക്കുക.**

ക്രിസ്തുവിൽ ദൈവം മനുഷ്യന് വേണ്ടി; മനുഷ്യൻ ക്രിസ്തുവിൽ ദൈവത്തിനു വേണ്ടി" എന്ന ചിന്തകളെ ആസ്പദമാക്കി സമാധാനത്തിന്റെയും സത്യത്തിന്റെയും പ്രത്യാശയുടേയും സുവിശേഷമായിരിക്കണം നാം ഘോഷിക്കേണ്ടത്.

**2. പുതിയ നിയമത്തിന്റെ ശുശ്രൂഷയുടെ ദൂത് വാഹകരാകുക**

ഒരു ക്രിസ്ത്യാനിക്ക് തന്റെ അയല്ക്കാരനോടും സഹോദരനോടും ബന്ധമുണ്ട്. ഇരുകൂട്ടരോടുമുള്ള കടപ്പാട് നിർവഹിക്കുന്നത് സഭയുടെ ദാസ ശുശ്രൂഷയിൽ കൂടിയാണ് .

**3. സ്നേഹത്തിന്റെ ദൂതിനെ വഹിക്കുക**

കൊരിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ സ്നേഹം ഒരു ശ്രേഷ്ഠ വരമായി പൌലൂസ് അപ്പോസ്തോലൻ പറഞ്ഞിരിക്കുന്നു. "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. "

**4. പങ്കിടലിന്റെ അനുഭവം**

കാൽവരിക്രൂശിൽ നമ്മുടെ ദൈവീകരണത്തിന്റെ സ്വയം യാഗമായി അർപ്പിക്കപെട്ട യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് നാം നമുക്ക് മാത്രമായി ജീവിക്കുവാനല്ല ; മറ്റുള്ളവർക്ക് നമ്മെ പങ്കിടുവാനും കൂടിയാണ്.

**5. യേശുക്രിസ്തുവിന്റെ യഥാർത്ഥ സാക്ഷികളായിത്തീരുക**

അപോസ്തോല പ്രവർത്തികൾ 1: 8 :- "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലെമിലും യെഹൂദ്യയിൽ എല്ലാടത്തും ശമരിയയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും."

ഈ ചുമതലകൾ ഒക്കെയും ഏറ്റെടുക്കുവാൻ തക്കവണ്ണം ഉള്ള ജീവിതമാകട്ടെ നമ്മുടേത്. നമ്മുടെ ജീവിതമാകട്ടെ നമ്മുടെ സന്ദേശം. നമ്മുടെ സന്ദേശം സഭയുടെ സന്ദേശം ആകും , സഭയുടെ സന്ദേശം സമൂഹത്തിന്റെ സന്ദേശം ആകും , അതുവഴി സഭയും സമൂഹവും ഒന്നാകും; സമസ്തലോകവും സ്നേഹത്തിന്റെ സത്യപ്പ്രകാശത്താൽ സന്തോഷ പൂർണ്ണമാകും. സഭയുടെ കൂദാശകളിൽ ഒന്നായ വിശുദ്ധ വിവാഹ ശുശ്രൂഷയിൽ പോലും സഭയെ പ്രകീർത്തിച്ചുകൊണ്ട് ഇപ്രകാരം പാടുന്നു " സഭയാം തിരുസഭയാമീ .......മണവാട്ടി .." എന്ന്.

അതെ, സഭ സർവാലങ്കാര വിഭൂഷിതയായി, സർവൈശ്വര്യ സമ്പന്നയായി വിരാചിക്കുന്ന നാൾ അതിവിദൂരമല്ല. അതിനായി നമുക്ക് ഒരുങ്ങാം , കൈകോർക്കാം, അണിനിരക്കാം, ശക്തിസംഭരിക്കാം, തീരുമാനമെടുക്കാം , തിന്മകൾ വെടിഞ്ഞു നന്മകൾ മാത്രം വിളയിച്ചുകൊണ്ട് ക്രിസ്തുയേശുവിന്റെ യഥാർത്ഥ സാക്ഷികളായി നാം പരിലസിക്കണം. അപ്രകാരം ക്രിസ്തീയ കാര്യവിചാരകത്തോട്കൂടി വിശ്വസ്ത ദാസന്മാരായി ഈ സമൂഹത്തിൽ വർത്തിക്കുവാൻ, അതുവഴി സഭയ്ക്കും സമൂഹത്തിനും പ്രയോജനപ്പെടുന്നവരായിത്തീരുവാൻ തക്കവണ്ണം ദൈവത്തിന്റെ പരിശുദ്ധ റൂഹ നമ്മെ എല്ലാവരെയും സഹായിക്കുമാരാകട്ടെ.

# Announcements

| | | | | |
|---|---|---|---|---|
| February | 10 | (Monday) | --- | മൂന്ന് നോമ്പ് ആരംഭം. |
| February | 12 | (Wednesday) | --- | മൂന്ന് നോമ്പ് വീടൽ. |
| | | | | വി. കുർബ്ബാന -- 7.30 P.M. |
| February | 14 | ( Friday) | --- | മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന |

പരി.ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ.

## New Born

Baby Boy to Pratheesh Mathew & Soumya Pratheesh

Baby Girl to Mathew V.C. & Rose Telima

Baby Girl to Eldho N.C. & Shymol Eldho

Baby Boy to Abraham N.Chacko & Geena Mol

## അനുശോചനം

നമ്മുടെ ഇടവകാംഗമായ ശ്രീ ബിജോയ് ഏലിയാസിൻെറ പിതാവും, ശ്രീ റോയ് ഏലിയാസ് കരിമ്പനത്തറയുടെ ഭാര്യാ പിതാവും കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതമറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## നന്ദി ....... യാത്രാമംഗളങ്ങൾ



നമ്മുടെ ഇടവകയിൽ, കഴിഞ്ഞ 2 വർഷക്കാലം സ്തുത്യർഹമായ സേവനം കാഴ്ചവെച്ച് തിരികെ പോകുന്ന പ്രിയപ്പെട്ട ബെന്നി അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

തീർച്ചയായും അച്ചൻെറ വേറിട്ട പ്രസംഗങ്ങളും, അതിലൂടെ നൽകിതന്ന ആശയങ്ങളും തികച്ചും അനിർവചനീയമാണ്. ആ ചിന്താധാര, നല്ലരീതിയിൽ ഒരോ പ്രസംഗങ്ങളിലൂടേയും നമ്മൾക്ക് പകർന്നുതന്നു.

അച്ചൻെറ വായനയും ചിന്തകളും ഇനിയും പുതിയ കർത്തവ്യമേഖലയിലും വെളിച്ചം പകരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈ കാലയളവിൽ ഇടവകയ്ക്ക് ലഭിച്ച ദൈവീകനടത്തിപ്പിനായി സ്തോത്രം ചെയ്യുന്നതോടൊപ്പം അച്ചൻെറ ഭാവി പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രിയ അച്ചനും കുടുംബത്തിനും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

## OUR NEW VICAR



Our newly appointed vicar **Rev. Fr. Eldhose Skaria Nedgungottil,** aged 39 years, hails from Valayanchirangara, Perumbavoor. He was ordained Kassissa by H G Thomas Mar Dionysius Metropolitan(H.B. Mor Baselious Thomas 1 Catholicose) on 31-7- 1997. He is married to Jilji Kochamma and they are blessed with two young children named Basil Eldho (14 years) and Bidul Eldho(12 years).

Eldhose Achen has been very active in serving the Jacobite Church from very young age. For 16 years, he has been assisting Catholica Bava H.B. Aboon Mor Baselious Thomas 1 in conducting Jacobite Church's affairs well. He is a very good orator as well as an able administrator.

He was in the forefront of our legitimate demand for right to conduct prayers and services in Aluva Thrikunnath Seminary,and was very badly hurt in the unjust police action held there on 27/June/2005.He received many lathi blows to his body and was hospitalized for several days. Unafraid, he continued his gospel work and served as vicar in several churches in Perumbavoor area the latest one being Mazhuvannoor Church.

Let us all join hands and welcome Eldhose Achen to Bahrain, wish him a comfortable stay here, and pray for the success of his new ministry and responsibility as vicar of our Church for the next two years.

# Quiz No : 1 ന്യായാധിപന്മാർ (1–12)

1. യഹോവയ്ക്കു യഹോവ ശലോം എന്ന യാഗപീഠം പണിത വ്യക്തി ആര്?

2. എൻെറ അവകാശദേശത്തു കനാന്യരോടു യുദ്ധം ചെയ്യുവാൻ നീ എന്നോടുകൂടെ പോരണം.നിൻെറ അവകാശ ദേശത്ത് നിന്നോടുകൂടെ ഞാനും വരാം.ആര് ആരോട്?

3. സീസെരായെ ചെന്നിയിൽ കുറ്റി തറപ്പിച്ച് കൊന്നതാര്?

4. മോവാബ് രാജാവായ എഗ്ളോനിൽ നിന്നും യിസ്രായേൽ മക്കാളെ രക്ഷിക്കാൻ യഹോവ ആരെയാണ് എഴുന്നേല്പിച്ചത്?

5. യോഥാം തൻെറ സഹോദരനായ അബിമേലെക്കനെ പേടിച്ച് ഓടിപ്പോയി താമസിച്ച സ്ഥലം?

6. ശിബ്ബോലെത്ത് എന്ന വാക്ക് സിബ്ബോലെത്ത് എന്നുച്ചരിച്ചതു കൊണ്ട് കൊല്ലപ്പെട്ട എഫ്രയീമ്യരെത്ര?

7. ഗിദെയോനും സൈന്യവും മിദ്യാന്യരോട് യുദ്ധം ചെയ്തപ്പോൾ രണ്ട് മിദ്യാന്യ പ്രഭുക്കന്മാരെ പിടിച്ചു കൊന്നു.അവരുടെ പേരെന്ത്?

8. മെസോപ്പൊത്താമ്യയിലെ രാജാവായ കൂശൻരിശാഥയീമിനെ യിസ്രായേൽ മക്കൾ എത്രനാൾ ചേവിച്ചു?

9. വൃക്ഷങ്ങൾ രാജാവിനെ അഭിഷേകം ചെയ്യുവാൻ പോയ കഥ യോഥാം പറഞ്ഞത് ആരോട്?

10. എന്നാൽ നീ പോകുന്ന യാത്രയാൽ ഉണ്ടാകുന്ന ബഹുമാനം നിനക്കു വരികയില്ല.ആര് ആരോട് പറഞ്ഞു.?

11. കവർച്ചക്കാരുടെ കയ്യിൽ നിന്നും യിസ്രായേൽ ജനത്തെ രക്ഷിപ്പാൻ യഹോവ എഴുന്നേല്പിച്ചതാരെ?

12. ഇപ്പോൾ നിങ്ങൾ കഷ്ടത്തിൽ ആയ സമയം എന്തിനു എൻെറ അടുക്കൽ വരുന്നു.ആര് ആരോട് പറഞ്ഞു?

13. അബിമേലെക്കിൻെറ ശേഷം യിസ്രായേലിനെ രക്ഷിപ്പാൻ എഴുന്നേറ്റ യിസ്സാഖാർ ഗോത്രക്കാരൻ ആര്?

14. ഞാൻ സമാധാനത്തോട് മടങ്ങി വരുമ്പോൾ ഈ ഗോപുരം ഇടിച്ചു കളയും.ഗിദെയോൻ എവിടെയുള്ള നിവാസികളോടാണ് ഇതു പറഞ്ഞത്?


15. പ്രാണനെ തൃജിച്ച ജനം എന്ന് ആരെക്കുറിച്ചാണ് പറയുന്ന്?



Usha Achenkunju

# Are You a Bible Literate?
# Bible Crossword – 2 (February 2014)

*(Bible reference for this Crossword is Genesis Ch. 2, 3 & 4)*



**ACROSS**

**1** God made ___ for Adam and his wife
**2** The creature that deceived Eve
**5** The first man
**6** Both Adam and Eve ate of the forbidden ___
**7** The woman found the forbidden fruit ___ to the eye
**9** Eve ate the forbidden fruit to gain ___
**11** God kept Adam and Eve out of the garden using a flaming ___
**12** Brother of Cain
**14** God planted a garden in ___

**DOWN**

**1** Adam's first home, the ___ of Eden
**2** Adam and Eve's first clothes were made from ___
**3** Adam and Eve both ate from the ___ of good and evil
**4** First son of Adam.
**8** Abel kept flocks, and Cain worked the ___
**10** God ___ the man and woman out of the garden for sinning
**13** The first woman

# Solution to January 2014 Bible crossword

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | 1 F | 2 A | R | M | 3 E | R |
| | | | 4 C | | | B | | | N | |
| | | 5 G | A | R | D | E | N | | O | |
| | | | I | | | L | | | C | |
| 6 S | K | I | N | 7 S | | | 8 N | | H | |
| E | | | | E | | | O | | | |
| T | | 9 C | U | R | S | E | D | | | |
| H | | | | P | | | | | 10 A | |
| | | 11 S | H | E | P | H | 12 E | R | D | |
| | | | | N | | | V | | A | |
| 13 F | U | G | I | T | I | V | E | | M | |

# Winners of Bible Crossword January 2014

1) Abel John Kuruvilla
2) Abel Prince
3) Aibel Rejan Varghese
4) Akhil Basil Paulose
5) Akhil C. Sunil
6) Aleena Ealias
7) Amith Kurian
8) Anjali Merin Sunil
9) Anjana Mariam Roy
10) Ann Jeepa Shaj
11) Anna Shiju
12) Arjun Varghese
13) Athira Sabu
14) Basil Prince
15) Chithira Sabu
16) Chris V. Binu
17) Christina Elias
18) Christy Mary
19) Diya Saji
20) Don Sabu
21) Edvin Mathew
22) Eldho Jaimon
23) Elias Mathew
24) Elna Merin
25) Fiyona Eby
26) Flemy Sarah Eby
27) George K. Laji
28) Irine Mary Paul
29) Johann Ajith
30) John T. Alex
31) Joshin Joseph
32) Kamal Baby Paul
33) Kenneth John
34) Kezia Baby Paul
35) Kripa Susan Thomas
36) Liya Sara Joseph
37) Merlin Mary
38) Roshan Thomas
39) Sam Paul
40) Sara Santhosh
41) Sarah Laji
42) Sebine Scaria
43) Serene Scaria
44) Sharon Paul
45) Sneha Elsa Kuruvilla
46) Sofia C. Paul
47) Tania Rachel
48) Thomas Sabu
49) Jeeba C. Biju
50) Jibu Joseph Biju

**Congratulations.....**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു.എത്ര വലിയ ഭൗതീക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു.നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ടു ഞാൻ ചോദിക്കുന്ന ഈ കാര്യം സാധിച്ചു തരണമേയെന്ന് അപേക്ഷിക്കുന്നു. (താമസിച്ചതിന് ക്ഷമാപണം.)

### വിശുദ്ധ യൂദാശ്ലീഹായുടെ നോവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായെ ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമെ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോപുരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷ വിധിയായിക്കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ(ആവശ്യം പറയുക)അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു.

(ഈ പ്രാർത്ഥന ദിവസം 9 പ്രാവശ്യം ചൊല്ലുക)






**Art by**
**Deo Saji**




A young couple moves into a new neighborhood.




The next morning, while they are eating breakfast, the young woman sees her neighbor hang the wash outside.




That laundry is not very clean, she said, she doesn't know how to wash correctly.

Her husband looked on, but remained silent.



Every time her neighbor would hang her wash to dry, the young woman would make the same comments. "She does not know how to wash"



About one month later, the woman was surprised to see a nice clean wash on the line and said to her husband:



"Look! She has learned how to wash correctly. I wonder who taught her this".




And so it is with life: What we see when watching others, depends on the purity of the window through which we look.

Before we pass any criticism, we need to check our state of mind and ask ourselves if we are looking at something good at the person, or just we are passing a negative judgment.





And oh yes! I almost forgot....

I see you today much clearer than I did yesterday...

How about you?

Keep Smiling

## “മദ്യം ആരോഗ്യത്തിന് ഹാനികരം”



“വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും, രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അതു സർപ്പംപോലെ കടിക്കും,അണലിപോലെ കൊത്തും.” (സദൃശ്യ23:31–32).

“മദ്യപന്മാരെ ഉണർന്ന് വിലപിക്കുവിൻ”

പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമുക്ക് തിന്മയിൽ നിന്നും നന്മയിലേക്കുള്ള ഒരു മാറ്റം അത്യാവശ്യമാണ്.നമ്മുടെ സമൂഹത്തിലെ ജാതിമത ഭേതമെന്യേ വലിയൊരു ശതമാനം ആളുകൾ മദ്യപാനം തങ്ങളുടെ ജീവിതത്തിൻെറ ഒരു ഭാഗമാക്കി മാറ്റിയിരിക്കുകയാണ്. സ്റ്റാറ്റസിൻെറ ഭാഗമായി കാണുന്നവരും കുറവല്ല. ചില സ്ത്രീകളും, കുട്ടികൾപോലും പിശാചിൻെറ ബന്ധനത്തിൽ കഴിയുന്നു.എന്തിനേറെ,ഒരു മേശയുടെ ചുറ്റും അപ്പനും മക്കളും ഒരുമിച്ചിരുന്നു മദ്യം കഴിക്കുന്നത് ഒരു ഫാഷനായി മാറിയിരിക്കുന്നു. സമാധാനത്തിൻെറയും,സന്തോഷത്തിൻേറയും വാസസ്ഥലങ്ങളായ കുടുംബങ്ങളെ, മദ്യപാനം വഴി കലഹത്തിലേക്കും,ദാരിദ്ര്യത്തിലേക്കും, നിരാശയിലേക്കും തള്ളിവിടുന്നു.

പലരും മദ്യപാനത്തിന് കാരണമായിപ്പറയുന്നത് സാമ്പത്തീക പാരാധീനതകളോ, ജീവിത പ്രശ്നങ്ങളുടെ സമ്മർദ്ദമോ,ഉറ്റവരിൽനിന്നും ലഭിക്കേണ്ട സ്നേഹത്തിൻേറയും പരിലാളനകളുടേയും കുറവോ ആണ്. മദ്യം ഒന്നിനും പരിഹാരമല്ല. ലഹരി വിടുമ്പോൾ പ്രശ്നങ്ങൾ പല മടങ്ങായി വർദ്ധിക്കുന്നതായി കാണാം.അമേരിക്കൻ പ്രസിഡൻറായിരുന്ന എബ്രാഹം ലിങ്കൻ പറഞ്ഞിരിക്കുന്നത് “ഏതൊരു അടിമത്വത്തിൽനിന്നും നാം സ്വതന്ത്രരായോ അതിലും ഹീനമായ അടിമത്വമാണ് മദ്യപാന സ്വഭാവം”. ലോകത്തുണ്ടാകുന്ന റോഡപകടങ്ങൾ, കൊലപാതകങ്ങൾ, ആത്മഹത്യകൾ എന്നിവയുടെ കാരണം ഒരുപരിധിവരെയെങ്കിലും മദ്യപാനമല്ലേ? ധാർമ്മീകാധപതനത്തിനും, അവിഹിത ബന്ധങ്ങൾക്കും,പലവിധ പീഢനങ്ങൾക്കും മുഖ്യ കാരണം വർദ്ധിച്ചു വരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗമാണ് എന്നു പറയുന്നതിൽ തെറ്റില്ല.

അല്പം മദ്യപിക്കുന്നതുകൊണ്ട് കുഴപ്പമില്ല എന്ന തെറ്റായ ധാരണ പലർക്കുമുണ്ട്, ഇതു ശരിയല്ല. ഒരു രസത്തിനുവേണ്ടി തുടങ്ങുന്ന മദ്യപാനം,പുകവലി,മയക്കുമരുന്നുകളുടെ ഉപയോഗം

ഇവയൊക്കെ പിന്നീട് ഇവരുടെ നാശത്തിൽ കൊണ്ടുചെന്നെത്തിക്കുന്നു; ഇതിൽ നല്ലൊരു ഭാഗവും ക്രിസ്ത്യാനികൾ ആണെന്നുള്ളത് വളരെ വേദനാ ജനകമാണ്. വിശുദ്ധ വേദപുസ്തകത്തിൽ പഴയ നിയമത്തിലും, പുതിയ നിയമത്തിലും കൂടി 64 പ്രാവശ്യം മദ്യം കഴിക്കരുത് എന്ന് പറഞ്ഞിരിക്കുന്നു. തന്നെയുമല്ല "മദ്യം കഴിക്കുന്നവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ലെന്ന്" വിശുദ്ധനായ പൗലോസ് ശ്ലീഹ പലവട്ടം ഓർമ്മപ്പെടുത്തുന്നു. (ഗലാത്യർ5:19–21,1കോരി6:9–10).

ഇതൊന്നും വകവയ്ക്കാതെ വിശുദ്ധന്മാരുടെ പെരുന്നാളുകൾ, ഈസ്റ്റർ, ക്രിസ്തുമസ്സ്, വിവാഹം തുടങ്ങിയ വിശേഷ ദിവസങ്ങൾ മദ്യപിക്കാനുള്ള അവസരങ്ങളായി പലരും ദുർവിനിയോഗം ചെയ്യുന്നു.

ലോകത്തിൻെറ പ്രകാശവും, ഭൂമിയുടെ ഉപ്പുമാകുവാൻ വിളിക്കപ്പെട്ട നാം, പ്രകാശത്തിലാണോ അന്ധകാരത്തിലാണോ നടക്കുന്നതെന്ന് സ്വയം തീരുമാനിക്കണം. ഒരു തിരുത്തൽ നമ്മുടെ ജീവിതത്തിൽ ആവശ്യമുണ്ടെങ്കിൽ അതിനു മടിക്കരുത്.അത് ഇപ്പോൾ തന്നെയാകട്ടെ. കർത്താവ് അരുളിചെയ്യുന്നു."മദ്യപന്മാരെ ഉണർന്ന് വിലപിപ്പിൻ, മദ്യം കഴിക്കുന്നവരെ നെടുവീർപ്പിടുവിൻ"(യോവേൽ1:5).

മദ്യപന്മാരോട് സംസർഗ്ഗം പോലും അരുത് എന്ന് വചനം പറയുന്നു."സഹോദരൻ എന്ന് പേർ വിളിക്കപ്പെട്ട ഒരുവൻ ദുർനടപ്പുകാരനോ, അത്യാഗ്രഹിയോ, വിഗ്രാഹാരധിയോ, വാവിഷ്ഠാണക്കാരനോ, മദ്യപനോ, പിടിച്ചുപറിക്കാരനോ ആകുന്നുവെങ്കിൽ അവനോട് സംസർഗ്ഗം അരുത്"(1കോരി5–11). പരിശുദ്ധനായ പൗലോസ് അപ്പോസ്തലൻ രേഖപ്പെടുത്തിയിരിക്കുന്നു."നിങ്ങൾ ദൈവത്തിൻെറ മന്ദിരം എന്നും ദൈവത്തിൻെറ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ. ദൈവത്തിൻെറ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും.ദൈവത്തിൻെറ മന്ദിരം വിശുദ്ധമല്ലോ നിങ്ങളും അങ്ങനെ തന്നെ"(1കോരി 3:16–17).മദ്യപാനം മനുഷ്യനും ദൈവത്തിനുമെതിരായ പാപമാണ്. "തിന്മ പ്രവർത്തിക്കുന്നവരുടെ പ്രാർത്ഥന ദൈവം കൈകൊള്ളുകയില്ലന്ന്" (യശയ്യ1:15) പറഞ്ഞിരിക്കുന്നു.മദ്യപാനമെന്ന വലിയ വിപത്തിനെ നമുക്ക് ഉപേക്ഷിക്കാം. ദൈവം വസിക്കുന്ന നമ്മുടെ ശരീരത്തെ ഇനി കളങ്കപ്പെടുത്തുകയില്ലന്ന് ഉറച്ച തീരുമാനമെടുക്കാം. ദൈവവുമായി രമ്യതപ്പെട്ട് അനുഗ്രഹങ്ങൾ പ്രാപിക്കാം.സന്തോഷവും സമാധാനവുമുള്ള മാതൃകാ കുടുംബങ്ങളാക്കി മാറ്റാം.

നശ്വരവും താല്ക്കാലികവുമായ ഈലോക ജീവിതം, യേശുവിനോടുകൂടെ നിത്യമായ ജീവിതത്തിലേക്കുള്ള, ജയപരാജയങ്ങളെ തീരുമാനിക്കാനുള്ളതാണെന്ന തിരിച്ചറിവോടെ, തിന്മയെ ഉപേക്ഷിച്ച് നന്മയെ സ്വീകരിക്കുവാൻ സർവ്വശക്തനും, സർവ്വജ്ഞാനിയും, സർവ്വവ്യാപിയുമായ ദൈവം തമ്പുരാൻെറ കരുണയും അനുഗ്രഹങ്ങളും എല്ലാവർക്കും ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ,

കർത്താവിൽ എളിയ സഹോദരൻ

ബേബി മൂന്നുപീടിയേയ്ക്കൽ

അങ്കമാലി



# *Happy Birthday*



**ALDRIN BINU**
**5th Birthday**
**on 17.02.2014**



**STANY ANN ANSON**
**3rd Birthday on 01.02.2014**



**EVA ANNA LAL**
**6th Birthday on 23.02.2014**



**BASIL PRINCE**
**8th Birthday on 05.02.2014**



**EPHRAIM C. JACOB**
**4th Birthday on 01.02.2014**



**ISAAC SUNIL CHACKO**
**3rd Birthday on 10.02.2014**



**SHAUN S. THOMAS**
**8th Birthday on 09.02.2014**

# Achen's Memorable Moments

























# Events



Local Charity




KCEC Procession 3rd Prize






KCEC Xmas Tree 2nd Prize




KCEC Procession



KCEC Procession



KCEC Procession Tablo




KCEC Carol Song







St. Poulose Mor Athanasious Thirumeni - Nercha Preperation & Blessings